**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1325** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ മലയോര ഹൈവേയും മറ്റ് റോഡുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ മലയോര ഹൈവേ നിർമ്മാണം പൂർത്തിയായ റീച്ചുകളുടെ പേര്, ദൂരം, ചെലവഴിച്ച തുക, ഓരോ റീച്ചും നിർമ്മാണ ചുമതലയുള്ള ഏജൻസി/ കരാറുകാരൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ മലയോര ഹൈവേ ആയി നിർദ്ദേശിക്കപ്പെട്ട പൂക്കോട്ടുംപാടം തമ്പുരാട്ടികല്ല് മുണ്ടേരി സീഡ് ഫാം ഗേറ്റ് റോഡ് റീച്ച് 1 (കി.മീ. 0/000 മുതൽ കി.മീ. 15/000 വരെ) പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. 15 കിലോ മീറ്ററാണ് പ്രസ്തുത പ്രവൃത്തിയുടെ നീളം. പ്രവൃത്തിയുടെ കരാർ തുക 57,88,57,192.98 രൂപയാണ്. നിലവിൽ 54,34,20,313 രൂപയുടെ ബില്ല് തുക കിഫ്ബിയിൽ നിന്നും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർമ്മാണ ചുമതല കെ.ആർ.എഫ്.ബി. - പി.എം.യു. പാലക്കാട്/മലപ്പുറം ഡിവിഷന് ആണ്. ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മാണം പുരോഗമിക്കുന്ന നിലമ്പൂർ മണ്ഡലത്തിലെ ചാത്തംമുണ്ട-മുണ്ടേരി-തമ്പുരാട്ടികല്ല് റീച്ചിൽ എത്ര ശതമാനം പ്രവൃത്തിയാണ് പൂർത്തിയായതെന്ന് അറിയിക്കാമോ; മേൽ റീച്ചിൽ പോത്ത്കല്ല്-കുനിപ്പാല-അമ്പിട്ടാംപൊട്ടി-കമ്പിപാലം എന്നിവിടങ്ങളിൽ വനഭൂമിയുള്ളതിനാൽ റോഡിന്റെ വീതി കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; വനാതിർത്തിയുള്ള പ്രദേശങ്ങളിൽ എത്ര കിലോമീറ്റർ പ്രവൃത്തി പൂർത്തിയാകാനുണ്ടെന്ന് വിശദമാക്കാമോ; വനഭൂമി വിട്ടു കിട്ടാത്ത ഭാഗത്തെ റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലമ്പൂർ മണ്ഡലത്തിലെ ചാത്തമുണ്ട -മുണ്ടേരി - തമ്പുരാട്ടികല്ല് ഭാഗം, പൂക്കോട്ടുംപാടം തമ്പുരാട്ടികല്ല് മുണ്ടേരി സീഡ് ഫാം ഗേറ്റ് റോഡിന്റ രണ്ടാം റീച്ചിൽ (കി.മീ. 24/280 മുതൽ കി.മീ. 34/375 വരെ) വരുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. റീച്ചിലെ വനഭൂമി ഉള്ള ഭാഗങ്ങളിൽ വനഭൂമി ഏറ്റെടുക്കുന്നതിനായി പരിവേഷ് (PARIVESH) പോർട്ടലിൽ സമർപ്പിച്ച അപേക്ഷയുടെ തുടർനടപടികൾ പുരോഗതിയിൽ ആണ്. വനാതിർത്തി ഉള്ള 3.07 കി.മീ. ഭാഗത്തു നിർമ്മാണ പ്രവൃത്തി പൂർത്തിയാകാനുണ്ട്. വനഭൂമി വിട്ടുകിട്ടാത്ത ഭാഗത്തെ റോഡ് ഭാഗികമായി തകർന്നു കിടക്കുകയാണ്. പ്രസ്തുത ഭാഗങ്ങളിൽ നിലവിൽ ഉള്ള വീതിയിൽ ടാർ ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | മുണ്ടേരി ഫാം ഗേറ്റ്-പൂക്കോട്ടുംപാടം റീച്ചിലെ ഇതുവരെയും പ്രവൃത്തി ആരംഭിക്കാത്ത ഭാഗമായ ചാത്തമുണ്ട മുതൽ കാറ്റാടിക്കടവ് പാലം വരെയുള്ള | (സി) | പൂക്കോട്ടുംപാടം തമ്പുരാട്ടികല്ല് - മുണ്ടേരി സീഡ് ഫാം ഗേറ്റ് - റോഡിന്റ മൂന്നാമത്തെ റീച്ചാണ് എടക്കര – കാറ്റാടിക്കടവ് പാലം മുതൽ ചാത്തമുണ്ട വരെ (കി.മീ. |

| | | | |
|---|---|---|---|
| | ചുങ്കത്തറ, എടക്കര പഞ്ചായത്തുകളിലെ റോഡ് നിർമ്മാണം നടത്തുന്നതിന് സ്വീകരിച്ച നടപടികളും നിലവിലെ പ്രവൃത്തിയുടെ അവസ്ഥയും വിശദമാക്കാമോ; എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എത്ര രൂപയാണ് കിഫ്ബി അനുവദിക്കേണ്ടത്; മലയോര ഹൈവേ സംബന്ധിച്ച ഫയലിന്റെ പുരോഗതി അറിയിക്കാമോ? | | 15/000 മുതൽ കി.മീ. 24/280 വരെ) -യുള്ള ഭാഗം. പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിനുള്ള റിലിങ്കിഷ്മെന്റ് ഫോം ശേഖരിക്കുന്ന പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി. - പി.എം.യു. പാലക്കാട്/മലപ്പുറം ഡിവിഷനിൽ തയാറാക്കി വരികയാണ്. ആയത് ലഭ്യമായാൽ കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ